041700 ALPHA PALLIATIVE CARE

An Initiative of Alpha Charitable Trust

21.11.2016

**Shri . P.I. Sheik Pareeth IAS**
Director, Collegiate Education

ബഹു സർ/മാഡം,

**വിഷയം: മാറാരോഗങ്ങളാൽ ബുദ്ധിമുട്ടുന്നവരുടെയും കുടുംബങ്ങളുടെയും വേദനകൾക്ക് ആശ്വാസം നൽകുന്നതിന് കേരളത്തിലെ വിദ്യാർത്ഥിസമൂഹത്തിന്റെ കൂടി സഹകരണത്തോടെ കംപാഷണേറ്റ് കമ്യൂണിറ്റികൾക്ക് രൂപംകൊടുക്കുന്നതിനുള്ള പ്രാഥമിക ശിൽപശാലയ്ക്ക് അധ്യാപകരുടെ പ്രാതിനിധ്യം അനുവദിക്കുന്നതിന് ഉത്തരവിനായുള്ള അപേക്ഷ,**

വിദഗ്ധ ചികിത്സയ്ക്കുള്ള മികച്ച സംവിധാനങ്ങൾ ഉണ്ടെന്ന് അവകാശപ്പെടുമ്പോഴും കാൻസർ പോലുള്ള ഗുരുതര രോഗങ്ങൾ ബാധിച്ച ആയിരക്കണക്കിനുപേർ ഇപ്പോഴും ഒന്ന് ഉറങ്ങാനാവാതെ, ഭക്ഷണം കഴിക്കാനാകാതെ, രുചി അറിയാനാകാതെ, 24 മണിക്കൂറും സഹിക്കാനാവാത്ത വേദനയോടെ ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞുകൂടേണ്ടി വരുന്നു എന്നത് പാലിയേറ്റീവ് പരിചരണ പ്രവർത്തകർക്ക് ദിനംപ്രതിയുള്ള അനുഭവമാണ്.

പാലിയേറ്റീവ് പരിചരണത്തിനുതന്നെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സൗകര്യങ്ങളുണ്ടെങ്കിലും അതിനെക്കുറിച്ചുള്ള അറിവില്ലായ്മയോ പരിചരണത്തിലെ കാര്യക്ഷമതയില്ലായ്മയോ ഒക്കെയാകാം ഇവരെ വേദനയോടെ കഴിയാൻ ഇടവരുത്തുന്നത്. നമ്മുടെ കുടുംബാംഗങ്ങൾക്കോ ബന്ധുക്കൾക്കോ സുഹൃത്തുക്കൾക്കോ സഹപ്രവർത്തകർക്കോ ഒക്കെ ഇത്തരം അവസ്ഥ വന്നാൽ മിക്കപ്പോഴും നമ്മൾ എന്തുചെയ്യണമെന്നറിയാതെ പകച്ചുപോകുന്നതും സാധാരണമാണ്. സഹായിക്കണമെന്നോ ആശ്വസിപ്പിക്കണമെന്നോ ബോധ്യമില്ലാഞ്ഞിട്ടല്ല, പക്ഷേ, എന്തു പറയണം, ചെയ്യണം? എന്നറിയാത്ത ഒരവസ്ഥ. ചിലപ്പോൾ രോഗബാധിതർ ഇപ്പറഞ്ഞവരിലാരെയും കാണേണ്ടെന്നു പറയുന്ന അവസ്ഥയും ഉണ്ട്. ഒന്നുറപ്പാണ് രോഗം ബാധിച്ചയാളും കുടുംബവും തീർച്ചയായും വേദനയിൽ തന്നെയാണ്.

ഈ പ്രശ്നത്തിന് ഒരവസാനം കാണാൻ, ഓരോ രോഗബാധിതനുചുറ്റും അവർക്കു പ്രിയപ്പെട്ടവരുടെ കൂട്ടായ്മ ഉണ്ടാക്കുന്നതിനും അവരുടെ ബുദ്ധിമുട്ടുകൾക്ക് തീർച്ചയായും പ്രതിവിധിയുണ്ടാക്കുന്നതിനുമായി 'കംപാഷണേറ്റ് കേരള' എന്ന പ്രോജക്ടിന് ആൽഫ പാലിയേറ്റീവ് കെയർ തുടക്കമിടുകയാണ്. കേരളത്തിലെ നാലു ജില്ലകളിലെ 17,000ൽപ്പരം രോഗബാധിതർക്ക് പാലിയേറ്റീവ് പരിചരണമെത്തിക്കുന്ന സർക്കാരിതര സംഘടനയെന്ന നിലയിൽ ഞങ്ങളോടൊത്തു പ്രവർത്തിക്കുന്ന ആയിരക്കണക്കിനു സന്നദ്ധപ്രവർത്തകർ ഇത് അവരുടെ കടമയായും കാണുന്നു.

കേരളത്തിലെ നാളത്തെ തലമുറ എന്ന നിലയിൽ, വിദ്യാർത്ഥികളെകൂടി ഉൾപ്പെടുത്തി ഇക്കാര്യത്തിനായി ഓരോ ജില്ലയിലും പരിപാടികൾ സംഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ഇക്കാര്യങ്ങൾ അധ്യാപകരോട് വിശദീകരിക്കുന്നതിന് എല്ലാ ജില്ലകളിലും ഒരു ദിവസത്തെ ശിൽപശാല സംഘടിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ചേർക്കുന്നു.

പദ്ധതി സംബന്ധിച്ച വിശദവിവരങ്ങൾ നവംബർ 7ന് അങ്ങേയ്ക്ക് സമർപ്പിച്ചത് ഓർക്കുമല്ലോ. വേദനയിൽനിന്നുള്ള മുക്തി മനുഷ്യാവകാശമാണെന്നും അത് രോഗബാധിതരുടെ അവകാശമാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്താൻ, വേദനയില്ലാത്ത ഒരു ലോകത്തിനായി കൈകോർക്കാൻ ആഹ്വാനം ചെയ്തുകൊണ്ടും മേൽ സൂചിപ്പിച്ച ശിൽപശാലയിൽ പങ്കെടുക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രിൻസിപ്പൽ/ മുഖ്യ അധ്യാപകൻ എന്നിവരെയോ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയെയോ അയയ്ക്കാൻ ഉത്തരവുണ്ടാകണമെന്ന അഭ്യർത്ഥനയോടെ...

*ആൽഫ പാലിയേറ്റീവ് കെയറിനുവേണ്ടി,*

കെ.എം.നൂർദീൻ
ചെയർമാൻ

*കംപാഷണേറ്റ് കമ്യൂണിറ്റി പദ്ധതിക്കുവേണ്ടി,*

**കൺവീനർമാർ:**

പ്രൊഫ. കുസുമം ജോസഫ്, റിട്ട. മാള കാർമൽ കോളജ്
പ്രൊഫ. ഡോ. ലത രാജ്, റിട്ട. പ്രിൻസിപ്പൽ, മഹാരാജാസ് കോളജ്
പ്രൊഫ. ഡോ. ജമീല പരീത്, റിട്ട. പ്രിൻസിപ്പൽ, കെ.കെ.ടി.എം. കോളജ്, കൊടുങ്ങല്ലൂർ
പ്രൊഫ. സോണി പീറ്റർ, ശ്രീ. സി. അച്യുതമേനോൻ മെമ്മോറിയൽ ഗവ. കോളജ്, കുട്ടനെല്ലൂർ.
പ്രൊഫ. എ.കെ. മുബാറക്, ഗവ. എൻജിനീയറിംഗ് കോളജ്, തൃശൂർ
പ്രൊഫ. സിസ്റ്റർ റോസ് ആന്റോ, സെന്റ് ജോസഫ്സ് കോളജ്, ഇരിങ്ങാലക്കുട
ശ്രീ. ഫ്രാങ്കോ ലൂയിസ്, സ്പെഷൽ കറസ്പോണ്ടന്റ്, ദീപിക

Note: *"കാരുണ്യ കേരളം" പദ്ധതിയെക്കുറിച്ചുള്ള ലഘുവിവരണം ഇതോടൊപ്പം ചേർക്കുന്നു.*

Pottayil Lane, M.G. Road, Thrissur-4. Phone: +91 487 2387 072, 2387 082
alphatsr@gmail.com | mail@alphapalliativecare.org | www.alphapalliativecare.org

ALPHA PALLIATIVE CARE
An Initiative of Alpha Charitable Trust
HOSPICES & LINK CENTRES

STUDENTS ASSOCIATION OF PALLIATIVE CARE

Office: Pottayil Lane, M.G. Road, Thrissur-4. Phone: 94977 13919, 94977 13920, 94977 13967, sapckerala@gmail.com | www.alphapalliativecare.org

STUDENTS ASSOCIATION OF PALLIATIVE CARE
An Initiative of Alpha Palliative Care

17/11/2016

SAPC CON 2016 Students Association of Palliative Care 2nd State Conference THRISSUR

## Days of Teachers Training Schedule

| | |
|---|---|
| 16th January, Monday | - Kasargode |
| 17th January, Tuesday | - Kannur |
| 18th January, Wednesday | - Wayanad |
| 19th January, Thursday | - Kozhikode |
| 20th January, Friday | - Malappuram |
| 23rd January, Monday | - Palakkad |
| 24rd January, Tuesday | - Ernakulam |
| 25th January, Wednesday | - Alappuzha |
| 27th January, Friday | - Thrissur |
| 28th January, Saturday | - Thrissur |

Training in other districts of Kerala will be done from June and end on July 2017.

**മേലെഴുത്ത് നമ്പർ ജി 4/41700/16/കോ.വി.വ തീയതി : 17/12/2016**

ആൽഫാ പാലിയേറ്റീവ് കെയറിന്റെ കംപാഷണേറ്റ് കമ്മ്യൂണിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട ശിൽപ്പശാലയിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള അദ്ധ്യാപകരെ എല്ലാ കോളേജ് പ്രിൻസിപ്പാൾമാരും നോമിനേറ്റ് ചെയ്യാവുന്നതാണ്.

(ഒപ്പ്)
ഡോ. എ.എൻ. പത്മകുമാരി
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/20/12/16

0821074